(ഇ) വയനാട് ജില്ലാ പഞ്ചായത്തിലെ ഡ്രൈവർ തസ്തികകളിൽ തസ്തിക മാറ്റം വഴി ഡ്രൈവർ നിയമനത്തിന് യോഗ്യത നേടി ലിസ്റ്റിൽ വന്നവരെ നിയമിക്കുന്നതിന് ഉത്തരവ് നൽകുമോ ;

(എഫ്) ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ വിമുഖത കാണിച്ച ഉദ്യോഗസ്ഥന്മാരോട് വിശദീകരണം ആവശ്യപ്പെടുമോ ?

ഉത്തരം

(എ) ഓരോ ജില്ലാ പഞ്ചായത്തിലും മൂന്ന് വീതം ഡ്രൈവർ തസ്തികകൾ.

(ബി) രണ്ട് ഡ്രൈവർ തസ്തികകളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നു.

(സി) വയനാട് ജില്ലാ പഞ്ചായത്തിലെ ഒഴിവുള്ള ഡ്രൈവർ തസ്തികയിൽ നിയമനം നടത്തുന്നതിനായി വയനാട് ജില്ലാ പി.എസ്.സി.ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി-എഫ്) 1999-ലെ കേരള പഞ്ചായത്ത് സബോഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരമാണ് പഞ്ചായത്ത് വകുപ്പിൽ ഡ്രൈവർ തസ്തികയിലേക്ക് നിയമനം നടത്തുന്നത്. ഇതനുസരിച്ച് പഞ്ചായത്ത് വകുപ്പിലെ പ്യൂൺ, കണ്ടിജന്റ് ജീവനക്കാർ, എന്നിവരിൽ തസ്തികമാറ്റം വഴി നിയമനം ലഭിക്കാൻ യോഗ്യതയുള്ളവർ ഇല്ലെങ്കിൽ പി.എസ്.സി. വഴി നിയമനം നടത്തേണ്ടതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുവാൻ വ്യവസ്ഥയില്ലാത്തതിനാൽ അപ്രകാരം ചെയ്തിട്ടില്ല.

കെട്ടിട നിർമ്മാണത്തിനുള്ള ലൈസൻസ് അപേക്ഷിക്കുന്ന ദിവസം തന്നെ നല്കുന്ന പദ്ധതി

83 (1350) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിട നിർമ്മാണത്തിനുള്ള ലൈസൻസ് അപേക്ഷിക്കുന്ന ദിവസം തന്നെ നൽകാൻ തിരുവനന്തപുരം കോർപ്പറേഷന് പദ്ധതിയുണ്ടോ ;

(ബി) എങ്കിൽ ഈ പദ്ധതി നടപ്പിൽ വന്നതിനു ശേഷം ലൈസൻസിന് അപേക്ഷിച്ച എത്ര പേർക്ക് അപേക്ഷിച്ച ദിവസം തന്നെ ലൈസൻസ് നൽകിയെന്ന് വ്യക്തമാക്കാമോ ;

(സി) ലൈസൻസിനുവേണ്ടി ഈ കാലയളവിൽ എത്രപേരുടെ അപേക്ഷ ലഭിച്ചിരുന്നു ;

(ഡി) ഇനിയും എത്രപേർക്ക് ലൈസൻസ് കൊടുക്കാനുണ്ട് ;

(ഇ) ഇവർക്കെല്ലാം അപേക്ഷിച്ച ദിവസം തന്നെ ലൈസൻസ് കൊടുക്കാതിരുന്നത് എന്തുകൊണ്ടാണ് ?

LIBRARY.ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പദ്ധതിയുണ്ട്.

(ബി) 10-5-2000 മുതൽ 23-2-2001 വരെ 3525 എണ്ണം.

(സി) 10-5-2000 മുതൽ 23-2-2001 വരെ 4562 എണ്ണം.

(ഡി) ശരിയായി ലഭിച്ച എല്ലാ അപേക്ഷകൾക്കും അനുമതി നൽകിയിട്ടുണ്ട്.

(ഇ) റോഡ് വികസനത്തിന് തടസ്സമുള്ളവ ഗ്രീൻസോണിൽ ഉൾപ്പെടുന്നവ, ഒറ്റ യൂണിറ്റ്, വാസഗൃഹമല്ലാത്തവ എന്നീ കാരണങ്ങൾകൊണ്ട് 1037 അപേക്ഷകർക്ക് ലൈസൻസ് ലഭിക്കാൻ അർഹതയില്ലാത്തതുകൊണ്ട് നൽകിയിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II അടിയന്തിര പ്രമേയം

പോലീസിനെക്കണ്ട് ഭയന്നോടിയ വട്ടപ്പാറ സ്വദേശി സന്തോഷിന്റെ മരണം

മി. സ്പീക്കർ : വട്ടപ്പാറ കല്ലുവരമ്പ് മുക്കോലയ്ക്കൽ വീട്ടിൽ 9.30 A.M] ബാലകൃഷ്ണപിള്ളയുടെ മകൻ സന്തോഷ് പോലീസ് വിരട്ടി ഓടിച്ചതുമൂലം 15 അടി താഴ്ചയിലേക്ക് വീണതിന്റെ ആഘാതത്തിൽ മരണമടഞ്ഞതിനെത്തുടർന്ന് നിലനിൽക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം 50-ാം ചട്ടപ്രകാരം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. പാലോട് രവി, നാലകത്ത് സൂപ്പി, കെ. പി. വിശ്വനാഥൻ, ജോണി നെല്ലൂർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ചെയറിന് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, തിരുവനന്തപുരം വട്ടപ്പാറ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ തേക്കട എന്ന സ്ഥലത്ത് ഒരു വാഹന മോഷണത്തിന്റെ അന്വേഷണത്തിനായി 27-2-2001-ന് രാത്രി വട്ടപ്പാറ എസ്.ഐ.യും സംഘവും പോയിരുന്നു. പ്രതിയെ പിടികൂടി തിരിച്ചുവരുന്ന വഴി മുക്കോല എന്ന സ്ഥലത്ത് കുറെ ആളുകൾ കൂടിനിൽക്കുന്നതുകണ്ട് വണ്ടി നിർത്തി. വണ്ടിയിൽ നിന്നും പുറത്തിറങ്ങിയ പോലീസിനെ കണ്ട് അവിടെ കൂടിയ ആളുകൾ പല ഭാഗത്തേക്ക് ഓടിപ്പോയി. കൂട്ടത്തിൽ ഉണ്ടായിരുന്ന കൊച്ചുകുട്ടൻ എന്നുവിളിക്കുന്ന സന്തോഷ് മറിഞ്ഞുവീണ് പരിക്കുപറ്റി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു. മെഡിക്കൽ കോളേജിലെ ചികിൽസക്കുശേഷം 28-2-2001-ന് ഉച്ചയോടെ ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് വാങ്ങി സന്തോഷ് വീട്ടിലേക്ക് തിരിച്ചുപോയി. 28-2-2001-ന് സന്ധ്യയോടെ നെഞ്ചുവേദനയും ഛർദ്ദിയും അനുഭവപ്പെട്ടതിനെത്തുടർന്ന് സന്തോഷിനെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ വീണ്ടും പ്രവേശിപ്പിച്ചു. ചികിൽസയിലിരിക്കെ 1-3-2001-ന്

LIBRARY ARCHIVES Kerala Legislative Assembly